നം. എ2/1418/2015/റ്റിബിഒ

പാഠപുസ്തക ഓഫീസറുടെ കാര്യാലയം,
പത്മവിലാസം റോഡ്, ഫോർട്ട്. പി.ഒ,
തിരുവനന്തപുരം-23, തീയതി : 24.09.2016.
ഫോൺ നം. 0471 2450027
textbookofficer@gmail.com

പാഠപുസ്തക ആഫീസർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ/
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ/മാഡം,

വിഷയം:- പൊ.വി. - 2016-17 - രണ്ടാം വാല്യം പാഠപുസ്തക വിതരണം- സൊസൈറ്റി അപ്ഡേഷൻ കുറവ് സംബന്ധിച്ച്.

സൂചന:- 1. ഈ കാര്യാലയത്തിലെ 8/9/2016 ലെ ഇതേ നമ്പർ സർക്കുലർ.
2. കെ.ബി.പി.എസിൽ നിന്നും ഐടി@സ്കൂളിൽ നിന്നും ലഭിച്ച 24.9.2016 ലെ വിതരണ സ്റ്റാറ്റസ്.

സൂചന കത്ത് പ്രകാരം 2016-17 അദ്ധ്യയന വർഷത്തെ രണ്ടാം വാല്യം പാഠപുസ്തക വിതരണം കുറ്റമറ്റ രീതിയിൽ വിതരണം നടത്തുന്നതിനായി പാഠപുസ്തകങ്ങൾ കെ.ബി.പി.എസിൽ നിന്നും ലഭിക്കുന്ന സമയത്തും സ്കൂളുകളിൽ അവ വിതരണം നടത്തുന്ന സമയത്തും ഐടി@സ്കൂൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനും അവ യഥാസമയം വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തലത്തിൽ പരിശോധിച്ച് മോണിറ്റർ നടത്തുന്നതിനും കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സൂചന (2) 24/9/2016 ലെ കെ.ബി.പി.എസിന്റെ വിതരണ സ്റ്റാറ്റസ് പ്രകാരം ആകെ ആവശ്യമായ 1,49,41,462 പുസ്തകങ്ങളിൽ 43,77,803 പുസ്തകങ്ങൾ വിതരണം നടത്തിയതായി കാണുന്നു. എന്നാൽ 24/9/2016 റെ ഐടി@സ്കൂൾ ലെ സ്കൂൾ അപ്ഡേഷൻ സ്റ്റാറ്റസ് പ്രകാരം 11,08,862 പുസ്തകങ്ങൾ മാത്രമേ ലഭിച്ചതായി അപ്ഡേറ്റ് ചെയ്തിട്ടുള്ളൂ. 32,68,941 പുസ്തകങ്ങൾ ഇനിയും അപ്ഡേറ്റ് ചെയ്തിട്ടില്ല. 11,8,862 പുസ്തകങ്ങളിൽ 4,40,601 പുസ്തകങ്ങൾ മാത്രമേ സ്കൂളുകളിൽ നൽകിയതായും അപ്ഡേറ്റ് ചെയ്തിട്ടുള്ളൂ. കർശന നിർദ്ദേശം നൽകിയിട്ടും ലഭിച്ച പുസ്തകങ്ങളും വിതരണം ചെയ്ത പുസ്തകങ്ങളും യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിന് സൊസൈറ്റി .സെക്രട്ടറിമാരും അവ എ.ഇ.ഒ., ഡി.ഇ.ഒ, ഡി.ഡി.ഇ. തലത്തിൽ മോണിറ്റർ ചെയ്യുന്ന കാര്യത്തിലും ഗുരുതരമായ അലംഭാവം

തുടരുന്നതായി കാണുന്നു. ആയതിനാൽ ലഭിച്ച പുസ്തകങ്ങൾ സൊസൈറ്റി സെക്രട്ടറിമാർ ഐറ്റി@സ്കൂൾ വെബ്സൈറ്റിൽ ഇന്നുതന്നെ അവ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് സ്കൂൾ സൊസൈറ്റികൾ സന്ദർശിച്ച് എ.ഇ.ഒ, ഡി.ഇ.ഒ, ഡി.ഡി.ഇ. മാർ എന്നിവർ ഉറപ്പുവരുത്തേണ്ടതും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന വിവരം ഇന്നു തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതിനു വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന വിവരം കൂടി അറിയിക്കുന്നു.

സൊസൈറ്റി സെക്രട്ടറിമാർ/പ്രധാനാദ്ധ്യാപകർക്ക് അപ്‌ഡേഷൻ നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായം ആവശ്യമെങ്കിൽ തൊട്ടടുത്ത ഹൈസ്കൂളിൽ നിന്നും എസ്.ഐ.റ്റി.സി.മാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും സൂചന സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ഇതിൻ പ്രകാരം അവരുടെ സേവനം ഉപയോഗപ്പെടുത്തി വെബ്സൈറ്റിൽ അപ്‌ഡേഷൻ യഥാസമയം തന്നെ പൂർത്തിയാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

പാഠപുസ്തക ആഫീസർക്കു വേണ്ടി

പാഠപുസ്തക ലഭിച്ച സൊസൈറ്റി സെക്രട്ടറിമാർ/ പ്രധാനാദ്ധ്യാപകർ ഉടനെ തന്നെ ബന്ധപ്പെട്ട വെബ്സൈറ്റിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതാണ് കിട്ടാനെ ... വിവരം പാഠപുസ്തകം ലഭിക്കുവാൻ ഉണ്ടെങ്കിൽ ആ വിവരം AEO ഓഫീസിലേക്ക് Email ചെയ്യേണ്ടതാണ്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

(ഒപ്പ്)

Assistant Educational Office Mini Civil Station Aluva 683101

... EDUCATIONAL OFFICER ALUVA